LIBRARY ARCHIVES Kerala Legislative Assembly

പാറ്റൂരിലെ അനധികൃത നിർമ്മാണം

73 (7370) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പാറ്റൂരിൽ അമൃതാമാൾ നിർമ്മാണത്തിനുള്ള അനുമതിക്കുള്ള അപേക്ഷയിൽ എത്ര സെന്റ് സ്ഥലമാണ് കാണിച്ചിരുന്നത് ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ അനുമതിക്ക് സമർപ്പിച്ച ലൊക്കേഷൻ സ്കെച്ചിന്റെയും മറ്റ് എല്ലാ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) നിർമ്മാണത്തിന് അനുവാദം ലഭ്യമാക്കിയ പ്ലാനിന്റെയും മറ്റുരേഖകളുടെയും കോപ്പികൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയിൽ 24-12-2011-ൽ പാറ്റൂരിലെ അമൃതമാൾ നിർമ്മാണത്തിന് ശ്രീ. റ്റി. എസ്. അശോക് സമർപ്പിച്ച അപേക്ഷയിൽ 225 സെന്റ് ഭൂമിയെന്ന് രേഖപ്പെടുത്തി കാണുന്നു. എന്നാൽ 17-6-2014-ൽ റിവൈസ്ഡ് പെർമിറ്റ് നൽകിയപ്പോൾ ഹാജരാക്കിയ രേഖകളിൽ 208.5 സെന്റ് (8453.00 മീ.സ്ക്വ.) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി&സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ അനുമതിക്കായി സമർപ്പിച്ച അപേക്ഷ, ആയതിനോടൊപ്പം ഹാജരാക്കിയ പ്രമാണം, കരംതീർത്ത രസീത് എന്നിവയുടെ പകർപ്പും പ്രസ്തുത നിർമ്മാണത്തിന് നൽകിയ പെർമിറ്റുകളുടേയും അപ്രൂവ്ഡ് പ്ലാനുകളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

അരൂർ-അരുക്കുറ്റി പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് മുനിസിപ്പാലിറ്റി ആക്കുന്നതിന് നടപടി

74 (7371) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ അരൂർ-അരുക്കുറ്റി പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് മുനിസിപ്പാലിറ്റി ആക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കൊച്ചി മെട്രോ സിറ്റിയോട് ചേർന്നുകിടക്കുന്ന അരൂർ-അരുക്കുറ്റി പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് മുനിസിപ്പാലിറ്റി ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) നഗരസ്വഭാവം ആർജ്ജിച്ചിട്ടുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് പുതുതായി നഗരസഭകൾ രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

മാവേലിക്കര മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ പദ്ധതികൾ

75 (7372) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മുനിസിപ്പാലിറ്റിയിൽ നഗരകാര്യവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014-15-ൽ മാവേലിക്കരയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 2011-12 വർഷത്തിൽ ജനറൽ വിഭാഗത്തിൽ 46 പദ്ധതികളും എസ്.സി.പി. വിഭാഗത്തിൽ 15 പദ്ധതികളും ഉൾപ്പെടെ 61 പദ്ധതികളും 2012-13-ൽ ജനറൽ വിഭാഗത്തിൽ 51 പദ്ധതികളും എസ്.സി.പി. വിഭാഗത്തിൽ 9 പദ്ധതികളും ഉൾപ്പെടെ 60 പദ്ധതികളും 2013-14-ൽ ജനറൽ വിഭാഗത്തിൽ 58 പദ്ധതികളും എസ്.സി.പി. വിഭാഗത്തിൽ 7 പദ്ധതികളും ഉൾപ്പെടെ 65 പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2014-15-ലെ പദ്ധതികൾ തയ്യാറാക്കിവരികയാണ്.

കൊയിലാണ്ടിയിലെ ബസ്സ്റ്റാൻഡ് പുതുക്കിപ്പണിയുന്നതിന് പദ്ധതി

76 (7373) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിലെ പഴയ ബസ്സ്റ്റാൻഡ് നിർമ്മിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബസ്സ്റ്റാൻഡിലെ കെട്ടിടം ജീർണ്ണാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കെട്ടിടം പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(സി) പഴയ ബസ്സ്റ്റാൻഡ് പുതുക്കിപ്പണിയുന്നതിന് എന്തു തുക ചെലവ് വരും എന്നത് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly